സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് 2022 ലെ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 8408/2022/Est-I** നന്തൻകോട്, **03/09/2022**

---

പരാമർശം :- 1) 02.09.2022–ലെ മേൽ നമ്പർ ഉത്തരവ്.
2) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ 03–09–2022 ലെ നിവേദനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 2021–22–ലെ ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം – 1)

പ്രസ്തുത ഉത്തരവിൽ ജീവനക്കാർക്ക് ഓണം അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതാണെന്നും ആകയാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ക്രമം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും അഡ്വാൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗീകൃത സംഘടനയായ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ നിവേദനം ലഭിച്ചു (പരാമർശം – 2)

ടി വിഷയം ബോർഡ് പരിശോധിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന ക്ലാസ്സ് IV ജീവനക്കാർക്കും പരമാവധി 10,000/– രൂപ ക്രമവും ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന പാർടൈം ജീവനക്കാർക്കും, പാർടൈം സ്വീപ്പർമാർക്കും പരമാവധി 5,000/– രൂപ ക്രമവും ഓണം അഡ്വാൻസ് നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു. ആയത് 5 (അഞ്ച്) തുല്യ ഗഡുക്കളായി 10/2022 ലെ ശമ്പളം മുതൽ തിരികെ ഈടാക്കേണ്ടതാണ്.

(മറുപുറം)

ഓണം അഡ്വാൻസ് അനുവദിച്ച് നൽകുമ്പോൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്താനാവശ്യമായ തുക നീക്കിയിരിപ്പുണ്ടോ എന്നു കൂടി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുളളതല്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK